**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

**വിജ്ഞാപനം**
**കീം 2022**
**എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന്**
**യോഗ്യതാ പരീക്ഷയുടെ മാർക്കിന്റെ ഓൺലൈൻ സമർപ്പണം.**

2022 ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ, അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ് ടു/തത്തുല്യം) രണ്ടാം വർഷത്തിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ് . കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവരുടെ കംപ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും, കംപ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്തവരുടെ ബയോടെക്നോളജിയുടെയും , കെമിസ്ട്രി, കംപ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്തവരുടെ ബയോളജിയുടെയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് കീം 2022 പ്രോസ്പെക്ടസ് ക്ലോസ് 9.7.4 (b) പ്രകാരം സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയ്ക്ക് വിധേയമാക്കിയ ശേഷമാണ് 2022 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **11.08.2022 വൈകുന്നേരം 3.00 മണി വരെ** വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. മേൽ പറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2022 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'KEAM 2022–Canddiate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾ അവരുടെ അപേക്ഷാ നമ്പർ , പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **"Mark Submission for Engg'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് സമർപ്പിക്കാവുന്നതാണ്. യോഗ്യതാ പരീക്ഷ പാസ്സായ ബോർഡ്, വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ വിദ്യാർത്ഥിയുടെ യോഗ്യതാ പരീക്ഷയുടെ മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അതത് ബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വെബ്പേജിൽ ദൃശ്യമാകുന്നതാണ്. വെബ്പേജിൽ

കാണിച്ചിട്ടുള്ള മാർക്കുകൾ, മാർക്ക് ലിസ്റ്റുമായി താരതമ്യം ചെയ്ത് ശരിയാണോ എന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിനുശേഷം തിരുത്തലുകൾ ആവശ്യമില്ലെങ്കിൽ 'Submit Mark data' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് മാർക്ക് സമർപ്പിക്കേണ്ടതാണ്. ഈ വിദ്യാർത്ഥികൾ മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്യേണ്ടതില്ല.

വെബ്സൈറ്റിൽ കാണിച്ചിട്ടുള്ള മാർക്കുകൾ മാർക്ക് ലിസ്റ്റിലുള്ളതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ **'Change'** ബട്ടൺ ക്ലിക്ക് ചെയ്ത് ശരിയായ മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തിയതിനുശേഷം **'Submit mark Data'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. മാർക്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷാബോർഡുകൾ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ലാത്ത പക്ഷം വിദ്യാർത്ഥികൾ അവരവരുടെ ബോർഡ് , പാസായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ രേഖപ്പെടുത്തുമ്പോൾ ദൃശ്യമാകുന്ന പേജിൽ ബന്ധപ്പെട്ട വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ വെബ്സൈറ്റിൽ നിഷ്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി **'submit Mark Data'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. വെബ്പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടി വന്ന വിദ്യാർത്ഥികളും , ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടിവന്നവരും മാർക്കുകൾ സമർപ്പിക്കുന്നതിനോടൊപ്പം പ്ലസ്ടു അഥവാ തത്തുല്യ യോഗ്യതയുടെ മാർക്ക് ലിസ്റ്റ് **(PDF ഫോർമാറ്റിലുള്ളത്)** അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകമില്ലാത്തതുമായിരിക്കണം.

**<u>മാർക്ക് സബ്മിഷൻ കൺഫർമേഷൻ റിപ്പോർട്ട്</u>**

യോഗ്യതാപരീക്ഷയിലെ മാർക്കുകൾ വിജയകരമായി സമർപ്പിച്ചതിനുശേഷം **'Mark Submission Confirmation Report'** ഡൗൺലോഡ് ചെയ്ത് സോഫ്റ്റ് കോപ്പിയായോ, ഹാർഡ് കോപ്പിയായോ വിദ്യാർത്ഥികൾ സൂക്ഷിക്കേണ്ടതാണ്. വെബ്പേജിൽ കാണിച്ചിരുന്ന മാർക്കിൽ തിരുത്തലുകൾ വരുത്തേണ്ടിവന്ന വിദ്യാർത്ഥികളും ബോർഡ് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ രേഖപ്പെടുത്തേണ്ടി വന്നവരും പ്ലസ്ടു മാർക്ക് ലിസ്റ്റ് അപ്‌ലോഡ് ചെയ്താൽ മാത്രമേ **'Mark Submission Confirmation Report'** ലഭ്യമാകുകയുള്ളൂ. 'Mark Submission Confirmation Report'/ പ്ലസ്ടു മാർക്ക്ഷീറ്റ് എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് അയക്കാൻ പാടില്ല.

***<u>എഞ്ചിനീയറിംഗ് റാങ്ക് തയ്യാറാക്കുന്നതിനായി അപേക്ഷകൻ സമർപ്പിക്കുന്ന പ്ലസ്ടു മാർക്ക്, പരീക്ഷ ബോർഡ്, ഓരോ വിഷയത്തിനും പാസായ വർഷം, ലഭിച്ച മാർക്ക് , പരമാവധി മാർക്ക് എന്നിവ അഡ്മിഷൻ സമയത്ത് പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.</u>***

**കുറിപ്പ്**

പ്രവേശന പരീക്ഷാ കമ്മീഷണർ ജൂലൈ 4-ന് നടത്തിയ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ പേപ്പർ I, II എന്നിവ എഴുതിയ എല്ലാ വിദ്യാർത്ഥികൾക്കും മാർക്ക് സമർപ്പിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ പ്രോസ്പെക്ടസ് ക്ലോസ് 9.7.5(i) പ്രകാരം പ്രവേശന പരീക്ഷയ്ക്ക് നിശ്ചിത യോഗ്യത നേടുന്നവരെ മാത്രം ഉൾപ്പെടുത്തിയായിരിക്കും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. പ്രോസ്പെക്ടസ് ക്ലോസ് 9.7.4 പ്രകാരം തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെടുകയും ക്ലോസ് 6 പ്രകാരം നിശ്ചിത യോഗ്യത നേടുകയും ചെയ്തവർക്ക് മാത്രമായിരിക്കും പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നത്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.08.05 17:29:15 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**05/08/2022**